# എലനോർ മാർക്സ്ന്റെ ആദ്യ മെയ്ദിനത്തിലെ പ്രസംഗ സംഗ്രഹം.

*ഹൈഡ് പാർക്ക്, May 4, 1890*

രാഷ്ട്രീയ സംഘടനകളുടെ പ്രവർത്തികൾ ചെയ്യാൻ വേണ്ടിയല്ല നമ്മളിവിടെ ഇന്ന് എത്തിച്ചേർന്നിട്ടുള്ളത്, മറിച്ച്, തൊഴിലാളിവർഗ്ഗത്തിന്റെ ആവശ്യങ്ങൾക്ക് വേണ്ടിയാണ്, അതിന്റെ പ്രതിരോധത്തിനും അവകാശങ്ങൾക്കും വേണ്ടിയാണ്. എട്ടു മണിക്കൂർ തൊഴിൽ എന്ന ബില്ല് നടപ്പിലാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ആദ്യം ഹൈഡ് പാർക്കിൽ വിരലിലെണ്ണാവുന്നവർ മാത്രമായിരുന്നു വന്നത് എന്ന് ഞാൻ ഓർമ്മിക്കുന്നു, പക്ഷെ അത് വളരുകയാണ് ചെയ്തത്, നൂറും ആയിരവും ആയി ഇത്ര വിപുലമായ ഒരു ജനക്കൂട്ടമായി ഇന്നത് വളർന്ന് ഈ പാർക്കിനെ നിറച്ചിരിക്കുന്നു. മറ്റൊരു പ്രകടനക്കൂട്ടവുമായി നാം മുഖത്തോടുമുഖം നിൽക്കുകയാണ്, പക്ഷെ വമ്പിച്ച ജനക്കൂട്ടം നമ്മുടെ പക്ഷത്താണ് എന്നത് സന്തോഷം തരുന്നതാണ്. ഡോക്ക് സമരത്തിന്റെയും ഗ്യാസ്തൊഴിലാളികളുടെ സമരത്തിന്റെയും എല്ലാ ദൂഷ്യവശങ്ങളിലൂടെയും കടന്നു പോയവരും, ചുറ്റിനും നിൽക്കുന്ന പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഒക്കെ സമരങ്ങൾ കൊണ്ട് മടുത്തു പോയിട്ടുണ്ട്, എങ്കിലും നമ്മൾ ദൃഢമായി നിശ്ചയിച്ചിരിക്കുകയാണ് എട്ടു മണിക്കൂർ തൊഴിൽ എന്നത് നിയമനിർമ്മാണം വഴി നടപ്പിലാക്കിക്കും എന്ന്. അങ്ങനെ ചെയ്യാത്ത പക്ഷം ആദ്യത്തെ തക്കത്തിന് തന്നെ അത് നമ്മളിൽ നിന്നും ചീന്തിയെറിയപ്പെടും. ഈ മഹത്തായ ദിവസം ആയാസകരമായി നമ്മുക്ക് നേടിത്തരാവുന്ന ആ വിജയം സ്വായത്തമാക്കിയില്ല എങ്കിൽ നമ്മൾ മാത്രമായിരിക്കും അതിനു കുറ്റക്കാർ. Gladstone ഒരിക്കൽ തടവിലാക്കിയ ഒരാൾ, Michael Davitt, ഇന്നീ കൂട്ടത്തിൽ ഉണ്ട്, പക്ഷെ Gladstone അദ്ദേഹവുമായി ഇന്ന് ഏറ്റവും അടുത്ത ബന്ധം പുലർത്തുന്നു. ഇത്തരത്തിൽ ഒരു മാറ്റത്തിന് കാരണം എന്തായിരിക്കും എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ലിബറൽ പാർട്ടി സ്വയംഭരണത്തിലേക്ക് ധിറുതിയിൽ രൂപം മാറിയത് എന്തുകൊണ്ടാണ്? Conservative അംഗങ്ങളെ പിന്തുണയ്ക്കാൻ അയർലൻഡ് ജനത House of Commons ജനസഭയിൽ നിന്നും 80 അംഗങ്ങളെ അയച്ചു എന്ന

ഒറ്റക്കാരണം കൊണ്ട് മാത്രമാണ്. നമ്മളെ പിന്തുണയ്ക്കാത്ത പക്ഷം ഇതേ രീതിയിൽ ഇവിടുത്തെ ലിബറലിന്റെയും റാഡിക്കലിന്റെയും അംഗങ്ങളെ തുരത്തിയോടിക്കേണ്ടതാണ്.
ഒരു ട്രേഡ്യൂണിയൻ അംഗമായി മാത്രമല്ല ഞാനിന്നിവിടെ പ്രസംഗിക്കുന്നത്, ഒരു സോഷ്യലിസ്റ്റും കൂടെ ആയാണ്. എട്ടുമണിക്കൂർ തൊഴിൽ എന്ന നടപടിയാണ് ഏറ്റവും ആദ്യവും അടിയന്തരമായും നടപ്പിലാക്കേണ്ടത് എന്ന് സോഷ്യലിസ്റ്റുകൾ വിശ്വസിക്കുന്നു. ഒരു വർഗ്ഗം മറ്റ് രണ്ട് വർഗ്ഗങ്ങളെ നിലനിർത്തുന്ന ഈ സമ്പ്രദായം മാറി എല്ലാ വർഗ്ഗത്തിലും ഉള്ള തൊഴിൽരാഹിത്യം മുഴുവനായും തുടച്ചു നീക്കുന്ന ഒരു കാലത്തിനു വേണ്ടിയാണ് നാം ലക്ഷ്യമിടുന്നത്. എട്ടു മണിക്കൂർ തൊഴിൽ എന്ന ഒറ്റ ആവശ്യത്തിന് വേണ്ടി മാത്രം ഇവിടെ വന്നു സമരം ചെയ്യുന്നത് മതിയാവില്ല, അത് നേടുന്നത് പ്രതിഷേധങ്ങളുടെ അന്ത്യവും ആയിരിക്കില്ല, മറിച്ച് ഇതൊരു തുടക്കം മാത്രമാണ്. ആറു ദിവസവും പാപം ചെയ്തു ഏഴാം ദിവസം കുമ്പസാരിക്കുന്ന ക്രിസ്ത്യാനികളെ പോലെ ആകരുത് നാം, നമ്മുടെ അവകാശങ്ങളെ നാം എന്നും ഉയർത്തിപ്പിടിക്കണം, ദൈനംദിനം കണ്ടുമുട്ടുന്ന പുരുഷന്മാരേയും പ്രത്യേകിച്ച് സ്ത്രീകളേയും അതിനു ഉതകുന്ന തലത്തിലേക്ക് ഉയർത്തി കൊണ്ടുവരികയും വേണം.

എതിർത്തു തോൽപ്പിക്കാൻ കഴിയാത്ത ബാഹുല്യത്തിൽ,
ആലസ്യം വെടിഞ്ഞ് സടകുടഞ്ഞെഴുന്നേൽക്കുക..
അബോധത്തിൽ കുടുങ്ങിവീണ ചങ്ങലകളെ
വേർപ്പ്തുള്ളികളെപ്പോലെ അനായാസം തുടച്ചുമാറ്റുക...
ഓർക്കുക നമ്മൾ വളരെയും അവർ വിരളവും...

പരിഭാഷ: Maya Leela